(ഇ) നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ പുതിയ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഇ) ചേലക്കര നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളൊന്നും നബാർഡ് ധനസഹായത്തോടെ ഏറ്റെടുത്തിട്ടില്ല.

റോഡു വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സമിതി

43 (640) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകൾ കുഴിച്ചുള്ള വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സമിതി രൂപീകരിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം സമിതികൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) റോഡുകൾ കുഴിച്ചുള്ള വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിൽ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റികളും ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റികൾ കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടാണ് റോഡ് കുഴിച്ചുള്ള വികസനപണികൾക്ക് അനുവാദം കൊടുക്കുന്നത്.

മഴമൂലം തകർന്ന റോഡുകൾ നന്നാക്കാൻ തുക അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ

44 (641) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴമൂലം റോഡുകൾക്ക് കേടുപാട് സംഭവിക്കുകയും തകരുകയും ചെയ്യുമ്പോൾ അവ നന്നാക്കുന്നതിന് 'പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്' എന്ന ബഡ്ജറ്റ് ഹെഡ്ഡിൽ നിന്നും തുക അനുവദിക്കുന്നതിന് എന്തെങ്കിലും ചട്ടങ്ങളോ ഗൈഡ് ലൈനോ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിനാവശ്യമായ ഗൈഡ് ലൈൻ പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly